# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2732 — 18.06.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മലബാറിലെ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

**ചോദ്യം**

**ശ്രീ. പി.ടി.എ. റഹീം**

(എ) മലബാറിലെ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഇറക്കിയ 13.06.2007 – ലെ G.O. (P) No. 107/07/G.Edn. നമ്പർ ഉത്തരവ് പുന:പരിശോധിക്കാനിടയായ സാഹചര്യം എന്തായിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പുന:സ്ഥാപിച്ച്, മലബാർ മേഖലയിൽ മുസ്ലീം സമുദായത്തിൽ ഇന്ന് അനുഭവപ്പെടുന്ന ഈ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**ഉത്തരം**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) യും (ബി) യും മലബാർ മേഖലയിലെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഗണിച്ച് അൺ എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് അംഗീകാരവും സി.ബി.എസ്.ഇ,. / ഐ.സി.എസ്.ഇ. അഫിലിയേഷന് ആവശ്യമായ നിരാക്ഷേപ പത്രവും (എൻ.ഒ.സി.) നൽകുന്നതിന് 13.06.2007 – ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2009 – ൽ കേന്ദ്ര സർക്കാരിന്റെ, കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമവും തദനുസരണമായി 2011 – ൽ സംസ്ഥാനത്ത് ഇതു സംബന്ധിച്ച് ചട്ടവും നിലവിൽ വന്ന സാഹചര്യത്തിൽ ആയതിലെ വ്യവസ്ഥകൾക്കനുസരിച്ച് മാത്രമേ സർക്കാരിന് തുടർ നടപടി കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. തുടർന്ന് സി.ബി.എസ്.ഇ. / ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകുന്നതിനും സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (guidelines) പുറപ്പെടുവിക്കുകയും അതിൻ പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച മലബാർ മേഖലയിലേത് ഉൾപ്പെടെയുള്ള സ്കൂളുകൾക്ക് നിരാക്ഷേപപത്രം/അംഗീകാരം നൽകിയിട്ടുമുണ്ട്.

| | | | |
|---|---|---|---|
| (സി) | ഈ ഉത്തരവനുസരിച്ച് അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നിശ്ചയിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; | (സി) യും (ഡി) യും | മേൽ പിരിവുകൾക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആയതിന് പ്രസക്തിയില്ല. |
| (ഡി) | ഈ വ്യവസ്ഥകൾ അംഗീകരിക്കുന്ന എത്ര അൺ എയ്ഡഡ് സ്കൂളുകളാണുള്ളത്; | | |
| (ഇ) | കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ അംഗീകാരമുള്ളതും സംസ്ഥാന സർക്കാർ അംഗീകാരമില്ലാത്തതുമായ എത്ര അൺ എയ്ഡഡ് സ്കൂളുകളാണ് സംസ്ഥാനത്തുള്ളത് എന്ന് അറിയിക്കുമോ? | (ഇ) | 65 |

Hema. V

സെക്ഷൻ ഓഫീസർ